മാതൃഭൂമി
യഥാർത്ഥ പത്രത്തിന്റെ ശക്തി
Mathrubhumi

## News in Mathrubhumi on National Award of Excellence for Outstanding Research in Forestry

17.07.2020

# കണ്ണൻവാരിയർക്ക് ദേശീയ പുരസ്കാരം

**കോയമ്പത്തൂർ ▸** ഇന്ത്യൻ കൗൺസിൽ ഓഫ് ഫോറസ്റ്ററി റിസർവ് ആൻഡ് എജ്യുക്കേഷന്റെ (ഐ.സി.എഫ്.ആർ.ഇ.) വനശാസ്ത്രരംഗത്ത് മികച്ച ഗവേഷണത്തിനുള്ള ദേശീയ പുരസ്കാരം കോയമ്പത്തൂർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫോറസ്റ്റ് ജെനിറ്റിക്സ് ആൻഡ് ട്രീ ബ്രീഡിങ്ങിലെ ശാസ്ത്രജ്ഞൻ ഡോ. കണ്ണൻ സി.എസ്. വാരിയർക്ക് ലഭിച്ചു.



കണ്ണൻവാരിയർ

ഇന്ത്യയിൽ ആദ്യമായി ഉപ്പുരസമേറിയ മണ്ണിന് യോജിച്ച കാറ്റാടിയുടെ മൂന്ന് ക്ലോണുകൾ വികസിപ്പിച്ചെടുത്തതാണ് ദേശീയ ബഹുമതിക്ക് അർഹനാക്കിയത്. ആലപ്പുഴയിലെ കാവുകളെപ്പറ്റിയുള്ള സമഗ്രപഠനത്തിന് ജൈവവൈവിധ്യമേഖലയിലെ ഇന്ത്യയിലെ മികച്ച ഗവേഷകനുള്ള റോള എസ്. റാവു ദേശീയ അവാർഡും നേടിയിട്ടുണ്ട്.

യുണൈറ്റഡ് സ്റ്റേറ്റ്സ് ഫോറസ്റ്റ് സർവീസ് അമേരിക്കയിൽ നടത്തിയ വനജനിതക പ്രജനന പര്യവേഷണ പരിപാടിയിൽ പങ്കെടുത്ത ഏകമലയാളിയാണ്. കാവേരി നദിയുടെ പുനരുജ്ജീവന ദേശീയപദ്ധതിയുടെ കേരളഘടകം മുഖ്യ ആസൂത്രകനായിരുന്നു.

ഫോറസ്ട്രിയിൽ ബിരുദവും ബിരുദാനന്തര ബിരുദവും ഒന്നാംറാങ്കോടെ പാസായ കണ്ണൻവാരിയർ അഞ്ചുതവണ കേരള കാർഷിക സർവകലാശാലയുടെ കലാപ്രതിഭയായിരുന്നു. കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിനുവേണ്ടി ഈ വർഷത്തെ പരിസ്ഥിതിദിനത്തിനായി യജുർവേദത്തെ ആസ്പദമാക്കി ഡോ. കണ്ണൻവാരിയർ സംഗീതം നൽകി ആലപിച്ച പ്രകൃതിവന്ദനം രാജ്യാന്തര ശ്രദ്ധ നേടിയിരുന്നു.

വനമഹോത്സവത്തിൽ ഹിറ്റായി മാറിയ കേരള സംസ്ഥാന വനം വകുപ്പിന്റെ തീം സോങ്ങ് പ്രശസ്തഗായകൻ പി. ജയചന്ദ്രൻ ആലപിച്ച 'കാടറിവി'ന് സംഗീതം നൽകിയതും കണ്ണൻവാരിയരാണ്.